**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5396** **15-03-2023 - ൽ മറുപടിയ്ക്ക്**

**എൻറോൾമെന്റ് റേഷ്യോ ഉയർത്തുന്നതിനുള്ള പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ ഉയർത്തുന്നതിനായി ഒരു സമഗ്രമായ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2020-21 ലെ ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) പ്രകാരം കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 43.2 ശതമാനമായി ഉയർന്നിട്ടുണ്ട്. ദേശീയ ശരാശരി കേവലം 27.3% മാത്രമാണ്.<br><br>ഉന്നതവിദ്യാഭ്യാസമേഖലയിലെ എൻറോൾമെന്റ് റേഷ്യോ ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഡോ. ശ്യാം ബി. മേനോൻ ചെയർമാനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണക്കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇതെപ്പറ്റി പ്രത്യേക പഠനം നടത്തുവാൻ തീരുമാനിച്ചിട്ടില്ല.<br><br>എന്നാൽ, സംസ്ഥാനത്ത് GER നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പുതുതലമുറ കോഴ്സുകൾ ആരംഭിക്കുക, നിലവിലുള്ള പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധിപ്പിക്കുക, പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കുക, സർവ്വകലാശാലകളുടേയും കോളേജുകളുടേയും അടിസ്ഥാനസൗകര്യം വിപുലീകരിക്കുക എന്നിങ്ങനെ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പഠനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഇതിനോടകം ഏതെങ്കിലും സർക്കാർ ഏജൻസികൾ പഠനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ